LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സർക്കിൾ ഇൻസ്പെക്ടർമാരുടെ 7 ഒഴിവുകളും ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് തസ്തികയിൽ 21 ഒഴിവുകളും നിലവിലുണ്ട്. (ഡിവൈ.എസ്.പി.-മാരുടെ ഒഴിവുകളിൽ 5 എണ്ണം യു.എൻ.-ലേക്ക് ഡെപ്യൂട്ടേഷനിൽ പോയത് മൂലമുണ്ടായതാണ്.)

(ബി) സർക്കിൾ ഇൻസ്പെക്ടർമാരുടെ പ്രൊമോഷനുള്ള സെലക്ട് ലിസ്റ്റ് നിലവിലുള്ളതും എന്നാൽ ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് തസ്തികയിൽ പ്രമോഷനുള്ള സെലക്ട് ലിസ്റ്റ് നിലവിലില്ലാത്തതുമാണ്.

(സി) സബ് ഇൻസ്പെക്ടർമാരുടെ സീനിയോറിറ്റി ലിസ്റ്റിലുള്ള തർക്കം പരിഹരിച്ചാലുടൻതന്നെ സബ്ഇൻസ്പെക്ടർമാരുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനായി ഡിപ്പാർട്ട്മെന്റ് പ്രമോഷൻ കമ്മിറ്റി (ലോവർ) ചേരുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) സബ് ഇൻസ്പെക്ടർമാരുടെ സംസ്ഥാനതല സീനിയോറിറ്റി ലിസ്റ്റ് 31-12-2006 വരെയുള്ളത് നിലവിലുണ്ട്. എന്നാൽ ടി സീനിയോറിറ്റി ലിസ്റ്റ് സംബന്ധിച്ച് ഡയറക്ട് എസ്.ഐ.-മാരും പ്രൊമോഷൻ ലഭിച്ച എസ്.ഐ.മാരും തമ്മിൽ തർക്കം നിലനിൽക്കുന്നുണ്ട്. ആയത് സംബന്ധിച്ച് ഒരു കമ്മിറ്റി രൂപീകരിക്കുകയും ഈ കമ്മിറ്റിയുടെ റിപ്പോർട്ട് പ്രകാരം 1996 മുതലുള്ള എസ്.ഐ.-മാരുടെ സീനിയോറിറ്റി ലിസ്റ്റ് പുനഃപരിശോധിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് തസ്തികയിലുള്ളവരുടെ സീനിയോറിറ്റി ലിസ്റ്റിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. *

**വനിതാ പോലീസ് കോൺസ്റ്റബിൾമാരുടെ തസ്തിക സൃഷ്ടിക്കൽ**

217 (2045) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ പോലീസ് കോൺസ്റ്റബിൾമാരുടെ തസ്തിക സൃഷ്ടിക്കൽ പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത വിഭാഗത്തിലെ എത്ര ഒഴിവുകളാണ് പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത് ; ബറ്റാലിയൻ തിരിച്ച് വിശദാംശങ്ങൾ നൽകുമോ ;

(സി) പുരുഷ-വനിത കോൺസ്റ്റബിൾമാരുടെ തസ്തിക നിർണ്ണയം വിശദമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. 17-5-2014-ലെ സ.ഉ. (കൈ) നമ്പർ 101/2014/ആഭ്യന്തരം പ്രകാരം അനുമതി നൽകിയ പുതിയ വനിതാ പോലീസ് സ്റ്റേഷനുകളിൽ നിയമിക്കുന്നതിനായി 150 വനിതാ പോലീസ് കോൺസ്റ്റബിൾമാരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശുപാർശ സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ബി) കെ.എ.പി. I-69, കെ.എ.പി. II-69, കെ.എ.പി. III-69, കെ.എ.പി. IV-69, കെ.എ.പി.V-69, എസ്.എ.പി.--71, എം.എസ്.പി.-69 എന്നീ ബറ്റാലിയനുകളിലായി 485 വനിതാ പോലീസ് കോൺസ്റ്റബിൾമാരുടെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) കേരള സിവിൽ പോലീസ് കേഡർ പ്രകാരം പുരുഷൻമാർക്കും സ്ത്രീകൾക്കും തുല്യ അവകാശമായതിനാൽ പ്രത്യേകം തസ്തികകൾ നിർണ്ണയിച്ചിട്ടില്ല.

**പോലീസ് സർജൻ അലവൻസ്**

218 (2046) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മുപ്പത്തിയാറ് വർഷത്തിനിടയിൽ ഒരിക്കൽപോലും പരിഷ്കരിക്കപ്പെടാത്തതായ പ്രതിമാസ പോലീസ് സർജൻ അലവൻസ്, ശമ്പള പരിഷ്കരണ കമ്മീഷൻ പരിഗണിച്ചില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത അലവൻസ് അടിസ്ഥാന ശമ്പളത്തിന്റെ പത്ത് ശതമാനമാക്കി വർദ്ധിപ്പിക്കണമെന്ന സംസ്ഥാന പോലീസ് മേധാവിയുടെയും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെയും ശിപാർശ അടിയന്തരമായി നടപ്പിലാക്കുമോ ;

(സി) പോലീസ് സർജൻമാർക്ക് കോടതി ഡ്യൂട്ടിക്ക് പോകുന്നതിനായി നൽകിവരുന്ന ടി.എ/ഡി.എ. എന്നിവയുടെ പ്രതിമാസ/ത്രൈമാസ പരിധി എടുത്ത് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ഡി) പോലീസ് വാഹനവും, സുരക്ഷാ ഉദ്യോഗസ്ഥനേയും എല്ലാ പോലീസ് സർജൻ യൂണിറ്റുകൾക്കും ലഭ്യമാക്കുമോ ;

(ഇ) ആരോഗ്യവകുപ്പിൽ ജോലി ചെയ്യുന്ന ഫോറൻസിക് മെഡിസിൻ ജൂനിയർ കൺസൾട്ടന്റുമാരെ അസിസ്റ്റന്റ് പോലീസ് സർജൻമാരായി നിയമിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർ നൽകിയ ശിപാർശ അടിയന്തരമായി നടപ്പിലാക്കുമോ ?